# കേരള സർക്കാർ

# ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്

**ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 ജൂലൈ 18 വ്യാഴം**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**Web: www.prd.kerala.gov.in.E-mail.diothrissur@gmail.com.**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## തിരുവോണം ബമ്പർ ടിക്കറ്റ് പ്രകാശനം 21ന് തൃശൂരിൽ

കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ തിരുവോണം ബമ്പർ 2019 ഭാഗ്യക്കുറിയുടെ സംസ്ഥാന തല ടിക്കറ്റ് പ്രകാശന കർമ്മം ജൂലൈ 21ന് രാവിലെ 10ന് കളക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫ. സി.രവീന്ദ്രനാഥ് നിർവഹിക്കും. കൃഷിവകുപ്പ് മന്ത്രി അഡ്വ. വി.എസ്.സുനിൽകുമാർ ചടങ്ങിൽ തിരുവോണം ബമ്പർ ടിക്കറ്റിന്റെ ആദ്യ വിൽപ്പന നിർവഹിക്കും. മേയർ അജിത വിജയൻ, സംസ്ഥാന നികുതി വകുപ്പ് സെക്രട്ടറി പി. വേണുഗോപാൽ, ജില്ലാ കളക്ടർ എസ്. ഷാനവാസ് എന്നിവർ ചടങ്ങിൽ സംബന്ധിക്കും. ഭാഗ്യക്കുറി വകുപ്പിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ സമ്മനത്തുകയായ 12 കോടി രൂപ ഒന്നാം സമ്മാനവും 5 കോടി രൂപ, 2 കോടിരൂപ രും മൂന്നും സമ്മാനങ്ങളായും നൽകുന്നു. ടിക്കറ്റ് വില 300 രൂപയാണ്. നറുക്കെടുപ്പ് സെപ്തംബർ 19ന് നടക്കും.

## പെരിഞ്ഞനം ഇനി ശുചിത്വ പഞ്ചായത്ത് പ്രഖ്യാപനം ഓഗസ്റ്റ് 15ന്

പെരിഞ്ഞനം ഗ്രാമപഞ്ചായത്ത് ഇനി മുതൽ സമ്പൂർണ ശുചിത്വപഞ്ചായത്ത്. സ്വാതന്ത്ര്യദിന പരിപാടികളോടനുബന്ധിച്ച് ആഗസ്റ്റ് 15ന് പഞ്ചായത്തിനെ ശുചിത്വപഞ്ചായത്തായി പ്രഖ്യാപിക്കും. ഹരിതകേരളംമിഷൻ, ശുചിത്വ മിഷന്റെ സഹകരണത്തോടെ 52.5 ലക്ഷം രൂപയാണ് പദ്ധതിയ്ക്കായി പഞ്ചായത്ത് ചെലവഴിക്കുന്നത്. മൂന്ന് ഘട്ടങ്ങളായാണ് പദ്ധതി നടപ്പാക്കുന്നത്. ആദ്യഘട്ടത്തിൽ ഹരിതകർമ്മ സേനാംഗങ്ങളെ ഉൾപ്പെടുത്തി യോഗം ചേരുകയും അവർക്ക് വേി പ്രത്യേക ബോധവത്കരണ ക്ലാസുകളും പരിശീലനവും ഏർപ്പെടുത്തുകയും ചെയ്തു. രാം ഘട്ടത്തിൽ പഞ്ചായത്തിന്റെ അവസ്ഥ വിലയിരുത്തി, മലിനീകരണം സംബന്ധിച്ച് വ്യാപാരി വ്യവസായികളുടെ യോഗം ചേർന്ന് ആവശ്യമായ നിർദേശങ്ങൾ നൽകി. മൂന്നാമതായി പഞ്ചായത്തിലെ 15 വാർഡുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 30 പേരടങ്ങുന്ന ശുചിത്വകർമ്മസേന രൂപീകരിച്ചു. ആറുമാസത്തിനുള്ളിൽ പഞ്ചായത്തിനെ സമ്പൂർണ മാലിന്യമുക്തമാക്കുക യാണ് ലക്ഷ്യം.

അടുത്ത ആഴ്ച മുതൽ വിവിധ സ്കൂളുകളിൽ നിന്നായി തെരഞ്ഞെടുത്ത സ്കൂൾ കുട്ടികൾ അവതരിപ്പിക്കുന്ന തെരുവ് നാടകങ്ങൾ തെരഞ്ഞെടുത്ത 40 കേന്ദ്രങ്ങളിൽ പ്രദർശിപ്പിക്കും. ശുചിത്വത്തെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുക എന്ന ലക്ഷ്യത്തോടെ പ്രത്യേകം തയ്യാറാക്കിയ നോട്ടീസുകൾ വിതരണം ചെയ്യും. 15-ാം വാർഡ് കടപ്പുറം സൗത്തിൽ സ്ഥിതി ചെയ്യുന്ന പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് യൂണിറ്റിന്റെ ശേഷി 40 കിലോയിൽ നിന്ന് 100 കിലോയാക്കി ഉയർത്തും. ഇതിനായി നൂതന രീതിയിലുള്ള മെഷീൻ വാങ്ങും. പതിനഞ്ചാം വാർഡിൽ തന്നെ സ്ഥിതി ചെയ്യുന്ന ഗോബർധൻ പദ്ധതിയിൽ ഉൾപ്പെടുത്തിയ അറവുമാലിന്യ പ്ലാന്റിന്റെ പണികളും പുരോഗമിക്കുന്നു്. ഈ പദ്ധതിയുടെ ഉദ്ഘാടനം ഒക്ടോബർ 2 ന് നടത്തും. നാപ്കിൻ, ഡയപർ എന്നിവ സംഭരിച്ച് സംസ്കരിക്കാനുള്ള നൂതന മെഷീൻ വാങ്ങാനും പദ്ധതിയു്. ജില്ലയിലെ

മണലൂർ, പറപ്പൂക്കര, എന്നീ പഞ്ചായത്തുകളെയും സമ്പൂർണ്ണ ശുചിത്വ പഞ്ചായത്ത് പദ്ധതിയ്ക്കായി സംസ്ഥാന സർക്കാർ തെരഞ്ഞെടുത്തിട്ടു്.

# ആരോഗ്യ സർവകലാശാലയിലെ മികച്ച അധ്യാപകർക്ക് അവാർഡ് നൽകുന്നു

ആരോഗ്യ ശാസ്ത്ര സർവകലാശാല, അഫിലിയേറ്റഡ് കോളേജുകളിലെ മികച്ച അധ്യാപകർക്കുള്ള അവാർഡുകൾക്ക് അപേക്ഷക്ഷണിച്ചു. മെഡിസിൻ, ആയുർവേദം, ഡെന്റൽ, ഹോമിയോ നഴ്സിങ്ങ്, ഫാർമസി, അലൈഡ് ഹെൽത്ത് എന്നീ മേഖലകളിലെ അദ്ധ്യാപകർക്ക് പുരസ്ക്കാരം നൽകും. അധ്യാപക ദിനത്തിൽ (സെപ്തം.5) അവാർഡുകൾ നൽകും.

ആരോഗ്യ സർവകലാശാലയുടെ വെബ് സൈറ്റിൽ നിന്നും അപേക്ഷ ഫോറം ലഭിക്കും. അപേക്ഷകൾ പൂരിപ്പിച്ച് യോഗ്യതാ രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളോടും പ്രിൻസിപ്പാളിന്റെ അനുമതി പത്രത്തോടും കൂടി രജിസ്ട്രാർ, കേരള ആരോഗ്യ ശാസ്ത്ര സർവകലാശാല, മെഡിക്കൽ കോളേജ് പി.ഒ, തൃശൂർ-680596 എന്ന വിലാസത്തിൽ രജിസ്ട്രേഡ് പോസ്റ്റ്/ സ്പീഡ് പോസ്റ്റ് ആയോ നേരിട്ടോ സമർപ്പിക്കണം. കവറിനു പുറത്ത് മുകളിലായി ആപ്ലിക്കേഷൻ ഫോർ ബെസ്റ്റ് ടീച്ചർ അവാർഡ് 2019 എന്നെഴുതിയിരിക്കണം. അപേക്ഷകൾ ആഗസ്റ്റ് 17ന് വൈകീട്ട് 4ന് മുമ്പായി നൽകണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ- 0487-2207752.

# കരാർ നിയമനം

ചാലക്കുടി ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസിന്റെ നിയന്ത്രണത്തിലുള്ള നായരങ്ങാടി മോഡൽ റസിഡൻഷ്യൽ സ്കൂളിൽ കരാർ അടിസ്ഥാനത്തിൽ ലൈബ്രേറിയനെ നിയമിക്കുന്നു. ലൈബ്രറി സയൻസിൽ ബിരുദവും കമ്പ്യൂട്ടറൈസ്ഡ് ലൈബ്രറികളിൽ കുറഞ്ഞത് മൂന്ന് വർഷത്തെ പ്രവൃത്തി പരിചയവുമുള്ള സ്ഥാപനത്തിൽ താമസിച്ച് ജോലി ചെയ്യുവാൻ താൽപര്യമുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. നിയമന കാലാവധി 2020 മാർച്ച് 31 വരെയാണ്.

തിരഞ്ഞെടുക്കപ്പെടുന്നവർക്ക് പ്രതിമാസം 22,000 രൂപ വേതനം ലഭിക്കും. വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ, ബയോഡാറ്റ, വയസ്സ്, ജാതി, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പ് സഹിതം ജൂലൈ 20ന് മുൻപായി ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ, ട്രൈബൽ ഡവലപ്മെന്റ് ഓഫീസ്, മിനി സിവിൽ സ്റ്റേഷൻ, ചാലക്കുടി-680307 എന്ന വിലാസത്തിൽ ലഭ്യമാക്കണം.

# താൽപര്യപത്രം ക്ഷണിച്ചു

കുടുംബശ്രീ ഗുണഭോക്താക്കൾക്ക് ഗാർഡൻ ഇൻസ്റ്റലേഷൻ ആൻഡ് മെയിന്റനൻസ് യൂണിറ്റുകൾ ആരംഭിക്കുന്നതിലേക്കായി പരിശീലനം നൽകുന്നതിന് താൽപര്യപത്രം ക്ഷണിച്ചു. താൽപര്യമുള്ളവർ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ, രാം നില, സിവിൽ സ്റ്റേഷൻ, അയ്യന്തോൾ, തൃശൂർ 680 003 എന്ന വിലാസത്തിൽ ജൂലൈ 25 നകം അപേക്ഷിക്കണം. കൂടുതൽ വിവരങ്ങൾക്ക് വെബ്സൈറ്റ് www.kudumbasree.org. ഫോൺ : 0487-2362517.

# തെങ്ങുകൃഷി: ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിച്ചു

കുന്നംകുളം നഗരസഭ ആർത്താറ്റ് -കുന്നംകുളം കൃഷിഭവനുകളിലൂടെ നടപ്പിലാക്കുന്ന സമഗ്ര തെങ്ങു കൃഷി വികസന പദ്ധതിയുടെ ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിച്ചു. പട്ടികയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾ കൃഷിഭവനിൽ ജൈവ വളം വാങ്ങിയതിന്റെ ഒറിജിനൽ ബില്ല് സഹിതം അപേക്ഷ സമർപ്പിക്കണം. അപേക്ഷാഫോമുകൾ 20 മുതൽ കൃഷിഭവനിൽ നിന്നും ലഭിക്കും. ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാത്ത കർഷകർ അതാത് കൃഷിഭവനുമായി ബന്ധപ്പെട്ടാൽ പട്ടികയിൽ ഉൾപ്പെടുത്തും. അപേക്ഷയോടൊപ്പം തന്നാ് നികുതി രശീതി കോപ്പി, ബാങ്ക് പാസ് ബുക്ക് പകർപ്പ്, ആധാർ കാർഡ് പകർപ്പ്, ഒറിജിനൽ ബില്ല് എന്നിവ ഹാജരാക്കണം.

# സ്വകാര്യ ഭൂമിയിലെ അപകടഭീഷണിയുള്ള മരങ്ങൾ ഉടമസ്ഥർ മുറിച്ചുമാറ്റണം: ജില്ലാ കളക്ടർ

സ്വകാര്യ ഭൂമിയിലെ അപകടഭീഷണിയുള്ള മരങ്ങളും ചില്ലകളും ഭൂടമസ്ഥർ തന്നെ മുറിച്ചുമാറ്റി സുരക്ഷ ഉറപ്പുവരുത്തണമെന്നും ഈ നിർദേശം പാലിക്കാതെ ഉാകുന്ന അപകടങ്ങൾക്ക് ഭൂടമസ്ഥർ നഷ്ടപരിഹാരം നൽകണമെന്നും ജില്ലാ കളക്ടർ എസ്. ഷാനവാസ് പറഞ്ഞു. മഴക്കാലക്കെടുതികൾ നേരിടുന്നതുമായി ബന്ധപ്പെട്ട മുൻകരുതലുകളും നടപടികളും വിലയിരുത്താനായി കളക്ട്രേറ്റ് ചേംബറിൽ ചേർന്ന അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ജില്ലയിലെ പാതയോരങ്ങളിലുള്ള അപകടാവസ്ഥ സൃഷ്ടിക്കുന്ന മരങ്ങളുടെ ശാഖകൾ മുറിച്ചുമാറ്റിയില്ലെങ്കിൽ അവ അടിയന്തിരമായി മുറിച്ചുമാറ്റണം. തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ, പൊതുമരാമത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ പ്രോജക്ട് ഡയറക്ടർ എന്നിവർക്കാണ് ഇതിന്റെ ചുമതല. അണക്കെട്ടുകൾ തുറക്കേ സാഹചര്യത്തിൽ അക്കാര്യം 36 മണിക്കൂർ മുമ്പ് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയെ അറിയിക്കണം. ദുരന്തനിവാരണ അതോറിറ്റിയുടെ അനുമതിക്ക് ശേഷമേ വെള്ളം തുറന്നുവിടാവൂ എന്നും കളക്ടർ വ്യക്തമാക്കി.

വെള്ളപ്പൊക്ക സാധ്യതയുള്ള താലൂക്കുകളിൽ ദുരിതാശ്വാസ ക്യാമ്പുകൾ തുടങ്ങുന്നതിനുള്ള കെട്ടിടങ്ങൾ കത്തെുകയും അവയുടെ ഒരു താക്കോൽ തഹസിൽദാർമാർ/വില്ലേജ് ഓഫീസർമാർ സൂക്ഷിക്കുകയും വേണം. ബീച്ചുകളിൽ വിനോദ സഞ്ചാരികൾ അപകടകരമാംവിധം ഇറങ്ങുന്നില്ലെന്ന് ഉറപ്പുവരുത്താൻ ഡിടിപിസിയെ ചുമതലപ്പെടുത്തി.

ജലാശയങ്ങളിൽ കുട്ടികൾ ഇറങ്ങാതിരിക്കുന്നതിനുള്ള നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സ്കൂൾ മേധാവികളുടേയും നേതൃത്വത്തിലാണ് സ്വീകരിക്കേത്. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സമീപമുള്ള കുളങ്ങൾ, പുഴ, മറ്റ് ജലാശയങ്ങൾ എന്നിവിടങ്ങളിൽ അപായ സൂചനാ ബോർഡുകൾ സ്ഥാപിച്ച് സുരക്ഷ ഉറപ്പുവരുത്തും. തീരദേശ പോലീസിന്റെയും ഫീഷറീസ് വകുപ്പിന്റെയും നേതൃത്വത്തിൽ മത്സ്യതൊഴിലാളികൾക്കും തീരദേശവാസികൾക്കും ആവശ്യമായ സമയത്ത് മുന്നറിയിപ്പുകൾ നൽകിവരുന്നു്. ദുരിതാശ്വാസ ക്യാമ്പുകൾ തുറക്കുന്ന സമയത്ത് ആവശ്യമായ ഭക്ഷ്യലഭ്യത സപ്ലൈ ഓഫീസിൻേറ നേതൃത്വത്തിൽ ഉറപ്പുവരുത്തും. ഡാമുകളുടെ ജലനിരപ്പ് ഉൾപ്പടെയുള്ള വിവരങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള ചുമതല അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിൽ കുറയാത്ത ഉദ്യോഗസ്ഥനാണ്.

താലൂക്ക് തലത്തിൽ പ്രകൃതിക്ഷോഭ ദുരന്തനിവാരണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാൻ തൃശൂർ ആർഡിഒ (തൃശൂർ), ഡെപ്യൂട്ടി കളക്ടർ എൽആർ, തൃശൂർ (തലപ്പിള്ളി), ഇരിങ്ങാലക്കുട ആർഡിഒ(മുകുന്ദപുരം), ഡിസാസ്റ്റർ മാനേജ്മെന്റ് ഡെപ്യൂട്ടി കളക്ടർ (ചാവക്കാട്), ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർ (കൊടുങ്ങല്ലൂർ) ഡെപ്യൂട്ടി കളക്ടർ ആർ.ആർ, തൃശൂർ (ചാലക്കുടി), ഡെപ്യൂട്ടി കളക്ടർ എൽ.എ, തൃശൂർ (കുന്നംകുളം) എന്നിവരെ ചുമതലപ്പെടുത്തി. യോഗത്തിൽ ഡെപ്യൂട്ടി കളക്ടർമാർ, വകുപ്പ് മേധാവികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# കുട്ടികൾക്കെതിരെയുള്ള അതിക്രമം: ജില്ലാ ജുവനൈൽ ജസ്റ്റിസ് കമ്മിറ്റി യോഗം ചേർന്നു

കുട്ടികൾക്കെതിരെ വർധിച്ചുവരുന്ന അതിക്രമങ്ങളും ലഹരി ഉപയോഗവും സൈബർ കുറ്റകൃത്യങ്ങളും തടയുന്നതിന്റെ ഭാഗമായി ജില്ലാ ജുവനൈൽ ജസ്റ്റിസ് കമ്മിറ്റി യോഗം ചേർന്നു. ജില്ലയിലെ സി.ബി.എസ്.ഇ ഉൾപ്പെടെയുള്ള സ്കൂളുകളിലും, ട്രൈബൽ ഹോസ്റ്റലുകളിലും ജില്ലാ ലീഗൽ സർവീസ് അതോറിറ്റി മുഖാന്തിരം കുട്ടികൾക്ക് ബോധവൽക്കരണ ക്ലാസുകളും രക്ഷിതാക്കൾക്ക് പാരന്റിംഗിനെ കുറിച്ച് ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കാൻ തീരുമാനിച്ചു. ജില്ലയിൽ ബാലനീതി നിയമപ്രകാരം പ്രവർത്തിക്കുന്ന ശിശുസംരക്ഷണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനായി രൂപീകരിച്ച ഇൻസ്പെക്ഷൻ കമ്മിറ്റിയുടെ പ്രവർത്തനം പുന:സംഘടിപ്പിക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കാനും തീരുമാനമായി. ജില്ലാ ജഡ്ജ് സോഫി തോമസ് അധ്യക്ഷത വഹിച്ച ജില്ലാ അഡീഷണൽ സെക്ഷൻ ജഡ്ജ്(പോക്സോ)

മധുകുമാർ, ഡി.എൽ.എസ്.എ സെക്രട്ടറി കെ.പി.ജോയ്, എഡിഎം റെജി.പി. ജോസഫ്, ജെ.ജെ.ബി പ്രിൻസിപ്പൽ മജിസ്ട്രേറ്റ് വി.ജി അനുപമ , ചൈൽഡ് വെൽഫെയർ കമ്മിറ്റി ചെയർമാൻ ഡോ.കെ. ജി. വിശ്വനാഥൻ, ജില്ലാ ശിശുസംരക്ഷണ ഓഫീസർ പി.ജി, മഞ്ജു ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ സന്തോഷ്കുമാർ, ഗവ.ചിൽഡ്രൻസ് ഹോം സൂപ്ര് സജീവ്, അസിസ്റ്റന്റ് കമ്മീഷണർ ഓഫ് പോലീസ് ഡി.സി.ബി ശ്രീനിവാസൻ, വനിതാ സെൽ എസ്.ഐ എം.ഡി അന്ന വിദ്യാഭ്യാസ വകുപ്പ് ജൂനിയർ സൂപ്ര് സുരേഷ്കുമാർ വി എന്നിവർ പങ്കെടുത്തു.

## സാക്ഷരതാ പ്രേരക് മാർക്ക് കമ്പ്യൂട്ടർ പരിശീലനം

ജില്ലാ വിദ്യാഭ്യാസ ഇൻസ്റ്റിറ്റ്യൂട്ട്(ഡയറ്റ്) ജില്ലയിലെ 175 സാക്ഷരതാ പ്രേരക്മാർക്ക് നൽകുന്ന കമ്പ്യൂട്ടർ പരിശീലനത്തിന്റെ മുന്നോടിയായി 40 നോഡൽ പ്രേരക്മാർക്ക് മൂന്ന് ദിവസത്തെ കമ്പ്യൂട്ടർ പരിശീലനം നൽകി. കൈറ്റിന്റെ സഹകരണത്തോടെയാണ് പരിശീലനം നടത്തിയത്. അടുത്ത ബാച്ചിനുള്ള പരിശീലനം ഉടൻ നൽകും. ഡി.ടി.പി, ഇ-മെയിൽ, പി.ഡി.എഫ്, പേജ് മേക്കർ എന്നിവയിലാണ് പരിശീലനം. ഡയറ്റ് പ്രിൻസിപ്പൽ-ഇൻ-ചാർജ്ജ് ഡോ.ശ്രീജ പരിശീലനം ഉദ്ഘാടനം ചെയ്തു. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡ് എൻ.കെ. ഉദയപ്രകാശ് പരിശീലന കേന്ദ്രം സന്ദർശിച്ചു. ഡയറ്റ് പ്രിൻസിപ്പാൾ ഡോ.അബ്ബാസ്അലി ഉദ്ഘാടനം ചെയ്തു. സമാപന ചടങ്ങ് ഡയറ്റ് സീനിയർ ലക്ചറർ എ.മനോരമ അധ്യക്ഷത വഹിച്ചു. സാക്ഷരതാ മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ വി.വി. ശ്യാംലാൽ, ഡയറ്റ് ലക്ചറർ പി.പ്രസ്സി, കൈറ്റ് മാസ്റ്റർ റിസോഴ്സ് പേഴ്സൺമാരായ കെ.രാജീവ്, ആർ.ഗീത, പി.സുനിർമ എന്നിവർ സംസാരിച്ചു. സാക്ഷരതാ മിഷൻ അസി.കോ-ഓർഡിനേറ്റർമാരായ പി.എൻ.ബാബു സ്വാഗതവും കൊച്ചുറാണി മാത്യു നന്ദിയും പറഞ്ഞു.

## സ്പോട്ട് അഡ്മിഷൻ-ഇന്ന് (19)

ഈ അദ്ധ്യയന വർഷത്തെ ഡിഎൽഎഡ് (ടിടിസി) പ്രവേശനത്തിനുള്ള സ്പോട്ട് അഡ്മിഷൻ ഇന്ന് (ജൂലൈ 19) രാവിലെ 11 ന് അയ്യന്തോൾ സിവിൽ സ്റ്റേഷനിലെ വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ നടത്തും. നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ അപേക്ഷ സമർപ്പിച്ചിട്ടും പ്രവേശനം ലഭിക്കാത്തവർക്കാണ് മുൻഗണന. ഫോൺ : 0487-2360810.

## സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ

ജില്ലയിൽ എക്സൈസ് വകുപ്പിലെ ഡ്രൈവർ തസ്തികയിലേക്ക് (കാറ്റഗറി നമ്പർ 659/17) എച്ച് ടെസ്റ്റും റോഡ് ടെസ്റ്റും വിജയകരമായി പൂർത്തിയാക്കിയ ഉദ്യോഗാർത്ഥികളുടെ സർട്ടിഫിക്കറ്റ് പരിശോധന ഇന്ന് (ജൂലൈ 19)രാവിലെ 10ന് ജില്ലാ പി.എസ്.സി ഓഫീസിൽ നടക്കും. അറിയിപ്പ് ലഭിക്കാത്തവർ ജില്ലാ പി.എസ്.സി ഓഫീസുമായി ബന്ധപ്പെടണം. ഉദ്യോഗാർത്ഥികൾ ആവശ്യമായ രേഖകൾ പ്രൊഫൈലിൽ അപ്ലോഡ് ചെയ്ത് വെരിഫിക്കേഷന് ഹാജരാകണം. വിശദവിവരങ്ങൾക്കായി പ്രൊഫൈൽ സന്ദർശിക്കുക കൃത്യ സമയത്ത് ഹാജരാകാത്തവർക്ക് വീണ്ടും അവസരം നൽകുന്നതല്ലെന്ന് പി.എസ്.സി ജില്ലാ ഓഫീസർ അറിയിച്ചു.

## അജ്ഞാത മൃതദേഹം

തൃശൂർ മെഡിക്കൽ കോളേജിൽ ചികിത്സയിലിരിക്കെ ജൂലായ് 9 ന് മരണപ്പെട്ട ഗണേശൻ എന്ന പേരുമാത്രം അറിയാവുന്ന 80 വയസുള്ള വ്യക്തിയുടെ മൃതദേഹം മെഡിക്കൽ കോളേജ് ആശുപത്രി മോർച്ചറിയിൽ സൂക്ഷിച്ചിരിക്കുന്നു. ഇയാളുടെ ബന്ധുക്കളോ സുഹൃത്തുക്കളോ ഉണ്ടെങ്കിൽ തൃശൂർ ടൗൺ ഈസ്റ്റ് പോലീസ് സ്റ്റേഷനുമായി ബന്ധപ്പെടണം. ഫോൺ 0487 2424192, 9497933824(സബ്ബ് ഇൻസ്പെക്ടർ)

## ടെ ൻ ഡ ർ

വനിതാ ശിശുവികസന വകുപ്പിന് കീഴിലുള്ള ജില്ലാതല ഐസിഡിഎസ് സെൽ ഓഫീസിന്റെ ആവശ്യത്തിനായി ഈ സാമ്പത്തികവർഷം വാഹനം വാടകയ്ക്ക് ലഭ്യമാക്കുന്നതിന് ടെൻഡർ ക്ഷണിച്ചു. ടെൻഡർ സ്വീകരിക്കുന്ന അവസാന തീയതി ജൂലൈ 26 വൈകീട്ട് മൂന്ന് മണി. ഫോൺ : 0487-2321702.

# കരാർ നിയമനം

തൃശൂർ അഗ്രികൾച്ചറൽ ടെക്നോളജി മാനേജ്മെന്റ് ഏജൻസിയിൽ ഡിസ്ട്രിക്ട് ടെക്നോളജി മാനേജർ, ബ്ലോക്ക് ടെക്നോളജി മാനേജർ എന്നീ തസ്തികളിൽ നിയമനം നടത്തുന്നു. അഗ്രികൾച്ചർ, വെറ്റിനറി, ഫിഷറീസ്, ഡയറി ടെക്നോളജി, അഗ്രികൾച്ചർ എഞ്ചിനീയറിങ് എന്നിവയിൽ ഏതെങ്കിലും ഒന്നിൽ ബിരുദമാണ് യോഗ്യത. താൽപര്യമുള്ളവർ ബയോഡാറ്റയും പ്രായം, യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റ് സഹിതം ചെമ്പൂക്കാവ് അഗ്രികൾച്ചറൽ കോംപ്ലക്സിൽ ഓഗസ്റ്റ് ര് രാവിലെ 10.30 ന് അഭിമുഖത്തിന് എത്തണം. ഫോൺ : 0487-2332048.

# ലേലം

ചാലക്കുടി സബ് ട്രഷറിയിലെ ഉപയോഗശൂന്യമായ ഫർണിച്ചറുകൾ പുനർലേലം നടത്തുന്നതിനുള്ള പരസ്യ ലേലവും ക്വട്ടേഷൻ സ്വീകരിക്കലും ജൂലൈ 30 ഉച്ചയ്ക്ക് 12 ന് സബ് ട്രഷറി അങ്കണത്തിൽ നടത്തും. ലേലത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ ജൂലൈ 30ന് 11.30ന് മുൻപായി നിരതദ്രവ്യമായി 1000 രൂപ ഓഫീസിൽ അടക്കണം. കുടൂതൽ വിവരങ്ങൾക്ക് ഫോൺ 0487-2702687 എന്ന നമ്പറിൽ ബന്ധപ്പെടുക.